കൊല്ലങ്കോട് റെയിഞ്ചിന്റെ പരിധിയിൽ ചെമ്മാണംപതിയിൽ 1.8 കിലോമീറ്റർ, 30 ഏക്കർ കോളനിയിൽ 1.6 കിലോമീറ്റർ, അല്ലിമൂപ്പൻ കോളനിയിൽ 3.2 കിലോമീറ്റർ, സീതാർകണ്ട്-കള്ളിയാമ്പാറയിൽ 5.4 കിലോമീറ്റർ, കുമ്പ്-പുളിയന്തോണിയിൽ 5 കിലോമീറ്റർ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്.

നെല്ലിയാമ്പതി റെയിഞ്ചിൽ ഓവുപാറ-കരിമ്പാറയിൽ 4.4 കിലോമീറ്റർ, ഗോവിന്ദാമല ചെക്കിംഗ് സ്റ്റേഷന് ചുറ്റും 0.5 കിലോമീറ്റർ, ഓവുപാറ-നേർച്ചപ്പാറയിൽ 3.6 കിലോമീറ്റർ, തളിപ്പാടം-പോത്തുണ്ടി 3.3 കിലോമീറ്റർ, പോത്തുണ്ടി-പോക്കാമട 3.25 കിലോമീറ്റർ, തളിപ്പാടം-കൽച്ചാടി 3.7 കിലോമീറ്റർ എന്നിവിടങ്ങളിലും സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്.

2014-ലെ ഫോറസ്റ്റ് സർവ്വീസ് ട്രൈ

319 (330) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ലെ ഫോറസ്റ്റ് സർവ്വീസ് ട്രൈളിന്റെ ഭേദഗതിയിൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഭരണഘടനാനുസൃതം ലഭിക്കേണ്ട ഇളവുകൾ കൂട്ടിചേർക്കാൻ വിട്ടുപോയത് പരിഹരിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ ;

(ബി) ഫോറസ്റ്റ് റേഞ്ച് ഓഫീസർ തസ്തികയ്ക്ക് പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥിയുടെ ഉയരത്തിൽ 5 സെ.മീ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷനുമായി നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകിയ വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ നിയമം 2014-ൽ ഭേദഗതി ചെയ്തപ്പോൾ പട്ടികജാതിക്കാർക്കും-പട്ടികവർഗ്ഗക്കാർക്കും ഭരണഘടനാനുസൃതം ലഭിക്കേണ്ട ഇളവുകൾ ഉൾപ്പെടുത്തുവാൻ വിട്ടുപോയത് പരിഹരിക്കുന്നതിനായുള്ള നടപടിയുടെ ഭാഗമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം തേടിക്കൊണ്ട് 1-9-2015-ൽ കത്ത് അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിയമനങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ ഉയരത്തിൽ 5 സെ.മീ ഇളവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിക്ക് അയച്ച കത്തിന്റെ പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.*

(സി) ഇത് സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ വിശദീകരണം തേടിയിട്ടില്ല. റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിയമനങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ ശാരീരികയോഗ്യതകളിൽ ഇളവ് അനുവദിക്കുന്നതിനായി 2010-ലെ കേരള ഫോറസ്റ്റ് നിയമത്തിൽ ഭേദഗതി ചെയ്യുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ സമർപ്പിച്ച ശുപാർശയുടെ പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.*

കടുവാ സങ്കേതങ്ങൾ

320 (331) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളാണ് കടുവാസങ്കേതങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) വയനാട് ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളാണ് കടുവാ സങ്കേതങ്ങളായി പ്രഖ്യാപിച്ചിരിക്കുന്നതെന്നും ആയതിന്റെ അതിർത്തികൾ എവിടെവരെയാണെന്നും വിശദമാക്കാമോ ;

(സി) വയനാട് ജില്ലയിൽ പുതിയ കടുവാസങ്കേതങ്ങൾ പ്രഖ്യാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് സംബന്ധിച്ച സർവ്വെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് രണ്ട് കടുവാ സങ്കേതങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അവ പെരിയാർ കടുവാ സങ്കേതം, പറമ്പിക്കുളം കടുവാ സങ്കേതം എന്നിവയാണ്.

(ബി) നിലവിൽ വയനാട് ജില്ലയിൽ കടുവാ സങ്കേതങ്ങൾ ഒന്നുംതന്നെ പ്രഖ്യാപിച്ചിട്ടില്ല.

(സി) വയനാട് ജില്ലയിൽ പുതിയ കടുവാ സങ്കേതങ്ങൾ പ്രഖ്യാപിക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly